**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 467** **17-09-2025 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യ വികസന പദ്ധതി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന്റെ പരിശോധനയും പുതുക്കലും എത്രത്തോളം പുരോഗമിച്ചിട്ടുണ്ട് ; പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കാനുള്ള സമയക്രമം എപ്രകാരമാണ് ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൌസിംഗ് ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിക്കുകയും GRIHA rating കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എച്ച്.ബി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ച ശേഷം ഡിസൈൻ റിവ്യൂ, GRIHA പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ഫയൽ 04-09-2024-ൽ കെ.എസ്.എച്ച്.ബി-യ്ക്ക് നൽകിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടില്ല. കിഫ്ബി മാനദണ്ഡങ്ങളനുസരിച്ച് ഭരണാനുമതി ഉത്തരവു തീയതി മുതൽ ഒരു വർഷത്തിനകം ഡി.പി.ആർ സമർപ്പിക്കേണ്ടതുണ്ട് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പുതുക്കിയ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുന്നതിന് പ്രത്യേകം സമയക്രമം നിർദ്ദേശിച്ചിട്ടില്ല. |
| (ബി) | കിഫ്ബി യുടെ 08-10-2020-ലെ GM-ESG/2703/2020/KIIFB, 01-12-2023-ലെ FA-3/3310/2021/KIIFB എന്നീ സർക്കുലറുകളിൽ പരാമർശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തയ്യാറാക്കുന്ന പുതുക്കിയ പദ്ധതി രേഖയിൽ പ്രധാനപ്പെട്ട എന്തെല്ലാം തിരുത്തലുകളും പരിഷ്കാരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്; കഴിഞ്ഞ 8 വർഷമായി ബോർഡ് ഈ വിഷയത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 26-06-2020-ന് കെ.എസ്.എച്ച്.ബി സമർപ്പിച്ച ഡി.പി.ആർ പരിശോധിച്ച ശേഷം നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 22-01-2021-ൽ പുതുക്കിയ ഡി.പി.ആർ സമർപ്പിച്ചിരുന്നു. ആയത് വീണ്ടും പരിശോധിച്ച ശേഷം നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ GRIHA rating, ഡിസൈൻ റിവ്യൂ, ഡി.എസ്.ആർ 2018 എന്നിവ പ്രകാരം കെ.എസ്.എച്ച്.ബി 31-10-2022-ൽ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് അഭിപ്രായങ്ങൾ സഹിതം 04-09-2024-ൽ എസ്.പി.വി-യ്ക്ക് മടക്കി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിഫ്ബി നിർദ്ദേശ പ്രകാരം GRIHA rating, ഡിസൈൻ റിവ്യൂ പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ തയ്യാറാക്കിവരവെ, 25-02-2025-ൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി പദ്ധതിയുമായി മുന്നോട്ടു പോകേണ്ടതില്ലെന്ന് കെ.എസ്.എച്ച്.ബി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ, എസ്.പി.വി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, 26-06-2025-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കിഫ്ബിയിൽ ചേർന്ന യോഗത്തിൽ, ഇക്കാര്യം കെ.എസ്.എച്ച്.ബി അറിയിച്ചിരുന്നു. |
| (സി) | നിർവ്വഹണ ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുന്നതിന് കിഫ്ബി ഏത് ഭരണവകുപ്പിനോടാണ് അഭ്യർത്ഥിച്ചത്; ഈ ഏജൻസിയെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (സി) | നിർവ്വഹണ ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുന്നതിന് കിഫ്ബി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോടാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. ഈ ഏജൻസിയെ സർക്കാർ തലത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 02-06-2020-ലെ G.O (Rt) No.1001/2020/H&FWD നമ്പർ സർക്കാർ ഉത്തരവു പ്രകാരം നിയമിച്ചിട്ടുള്ളത് എന്ന് ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | എസ്.പി.വി. സമർപ്പിച്ച എസ്റ്റിമേറ്റ് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് നിലയിലാണ് ; ആയതു പരിശോധിച്ച് തെറ്റ് തിരുത്തുവാൻ കിഫ്ബിയിൽ സംവിധാനം ഉണ്ടോ; ആയത് എസ്.പി.വി.യോട് വ്യക്തമാക്കിയിട്ടുണ്ടോ; | (ഡി) | എസ്.പി.വി സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ നിരീക്ഷണങ്ങളനുസരിച്ചുള്ള പുതുക്കിയ ശിപാർശ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് എസ്.പി.വി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.പി.വി സമർപ്പിക്കുന്ന ശിപാർശകൾ കിഫ്ബിയിലെ അപ്രൈസൽ വിഭാഗം പരിശോധിക്കുകയും ആവശ്യമെങ്കിൽ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റേയും ഇ.എസ്.ജി വിഭാഗത്തിന്റെയും അഭിപ്രായങ്ങൾ തേടുന്നതിനുള്ള സംവിധാനമാണ് ഉള്ളത്. കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി സംബന്ധിച്ച ശിപാർശ മേൽ സൂചിപ്പിച്ച മൂന്ന് വിഭാഗങ്ങളും പരിശോധന നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ അനുസരിച്ചുള്ള പുതുക്കിയ ശിപാർശ സമർപ്പിക്കുന്നതിനുമാണ് നിലവിൽ എസ്.പി.വി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതു വ്യക്തമാക്കിക്കൊണ്ടുള്ള ഫയൽ 04-09-2024-ൽ എസ്.പി.വി-യ്ക്ക് നൽകിയിട്ടുണ്ട്. ആയത് തിരികെ കിഫ്ബിയിൽ ലഭ്യമായിട്ടില്ല. |
| (ഇ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി ഉൾപ്പെടെ, വിവിധ ആശുപത്രി വികസന | (ഇ) | ഉണ്ട്. പ്രസ്തുത ശിപാർശ പി1/227/2024/ആകുവ നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ് എന്നും ടി |

| | | | |
|---|---|---|---|
| | പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി കെ.എസ്.എച്ച്.ബിയ്ക്ക് പകരം മറ്റേതെങ്കിലും ഏജൻസിയെ നിയോഗിക്കുന്നതിന് കിഫ്ബിയുടെ 12-11-2024-ലെ APR-4/2825/2023/KIIFB നമ്പർ കത്ത് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; ടി ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണോ; എങ്കിൽ പരിശോധന ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ? | | വിഷയവുമായി ബന്ധപ്പെട്ട് നിരവധി കൂടിയാലോചനകൾ നടന്നിട്ടുണ്ട് എങ്കിലും ആയതിന്മേൽ ഇതുവരെ അന്തിമതീരുമാനമായിട്ടില്ല എന്നും പ്രസ്തുത ഫയൽ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് സഹിതം ഉത്തരവിനായി സമർപ്പിച്ചിരിക്കുകയാണ് എന്നും ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ